പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 790** — **13-6-2012 - ൽ മറുപടിയ്ക്ക്**

**വളപട്ടണം പുഴയിൽ തടയണയും പാലവും കെട്ടുന്നതിനുള്ള പദ്ധതി**

| ചോദ്യം<br>ശ്രീ.ഇ.പി.ജയരാജൻ | മറുപടി<br>ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) മട്ടന്നൂർ നിയോജക മണ്ഡലത്തിൽ വളപട്ടണം പുഴയുടെ ആയിപ്പുഴ ഭാഗത്ത് തടയണയും പാലവും കെട്ടുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് എപ്പോഴാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ ; | (എ) വളപട്ടണം പുഴയുടെ ആയിപ്പുഴ ഭാഗത്ത് തടയണയും പാലവും കെട്ടുന്ന പ്രവൃത്തിക്ക് പഴയ നിരക്കനുസരിച്ച് 15-11-2011-ൽ 3.75 ലക്ഷം രൂപയ്ക്ക് ഐ.ഡി.ആർ.ബി.ചീഫ് എഞ്ചിനീയർ അനുമതി നൽകിയിരുന്നു. എന്നാൽ പുതുക്കിയ നിരക്കനുസരിച്ചുള്ള 4.40 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ആയത് ഐ.ഡി. ആർ.ബി.ചീഫ് എഞ്ചിനീയർക്ക് അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിക്കുന്നതാണ്. |
| (ബി) ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് പ്രകാരം എത്ര തുകയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) 12 കോടി രൂപയുടെ |
| (സി) കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ് താലൂക്കുകളിലെ കാർഷികാവശ്യങ്ങൾക്കും കുടിവെള്ളത്തിനും ഉപയുക്തമാക്കുവാൻ കഴിയുന്ന പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുവാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ ? | (സി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ ശേഷം ഭരണാനുമതിയ്ക്കുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**